## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3132** — 07-02-2018 -ൽ മറുപടിക്ക്

### വരൾച്ചാ ദുരിതാശ്വാസമായി പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കൃഷ്ണൻകുട്ടി | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ഈ സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസമായി പാലക്കാട് ജില്ലയ്ക്ക് എത്ര രൂപാ അനുവദിച്ചിട്ടുണ്ട്; | എ) | ദുരന്ത നിവാരണ നിധിയിൽ നിന്നും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പാലക്കാട് ജില്ലക്കായി ആകെ 11,58,25,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | ജില്ലാ , ഭരണകൂടം ആവശ്യപ്പെട്ടത് പ്രകാരം നെൽകൃഷി ചെയ്യാതെയിരുന്ന കർഷകർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം പ്രഖ്യപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകാമോ; | ബി) | സ.ഉ(സാധാ)നം.1183/2017/കൃഷി തീയതി 08/12/2017 പ്രകാരം പാലക്കാട് ജില്ലയിൽ വരൾച്ചമൂലം നെൽകൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് 2016-17 സാമ്പത്തിക വർഷം 4 കോടി രൂപ 2401-00-800-91-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് കൃഷി വകുപ്പ് അനുവദിച്ചിരുന്നു. |
| സി) | ഇതു സംബന്ധിച്ച് ഇതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | സി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കടാശ്വാസം - വരൾച്ചയും, ജല ദൗർലഭ്യവും മൂലം പാലക്കാട് ജില്ലയിൽ 2016 - 2017 വർഷം രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്ന കർഷകർക്ക് ധനസഹായം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (കൃഷി) വകുപ്പ്

**സ.ഉ.(സാ.ധാ) നം. 1183/2017/കൃഷി** **തീയതി, തിരുവനന്തപുരം 08.12.2017**

പരാമർശം:- (1) കൃഷി ഡയറക്ടറുടെ 05/08/2017 തീയതിയിലെ ടിപി(2)34819/17 നമ്പർ കത്ത്

(2) 28/10/2017 തീയതിയിലെ സ.ഉ.(സാ.ധാ) നം.8144/2017/ധന ഉത്തരവ്

**ഉത്തരവ്**

വരൾച്ച മൂലവും ജലസേചനത്തിന് മലമ്പുഴ ഡാമിൽ നിന്ന് വെള്ളം ലഭിക്കാത്തതു മൂലവും, പാലക്കാട് ജില്ലയിൽ 2016 - 2017 സാമ്പത്തിക വർഷം 13990 ഹെക്ടർ സ്ഥലത്ത് രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടില്ലാത്ത കർഷകർക്ക് ഹെക്ടർ ഒന്നിന് 6,000/- രൂപ നിരക്കിൽ 839.40 ലക്ഷം രൂപ ധനസഹായമായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

പാലക്കാട് ജില്ലയിൽ 2016 - 2017 സാമ്പത്തിക വർഷം രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്ന കർഷകർക്ക് ധനസഹായം നൽകുന്നതിനായി 2401-00-800-91-34 (പ്ലാൻ) ശീർഷകത്തിൽ 4 കോടി രൂപ അധിക ധനവിനിയോഗത്തിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2017 - 2018 സാമ്പത്തിക വർഷത്തിൽ 2401-00-800-91-34 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4 കോടി രൂപ പാലക്കാട് ജില്ലയിൽ 2016 - 2017 സാമ്പത്തിക വർഷം രണ്ടാം വിള നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്ന കർഷകർക്ക് ധനസഹായം നൽകുന്നതിന് അനുവദിച്ച ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിനി.എം.ആർ.**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**